**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1319** **03-02-2026 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ ജില്ലയിലെ കടാംതോട് പാലത്തിന്റെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ ജില്ലയിലെ അമല നഗർ പാവറട്ടി റോഡിൽ ചെയിനേജ് 6/537-ലെ കടാംതോട് പാലത്തിന്റെ പുനർനിർമ്മാണ പ്രവൃത്തിക്ക് (ഫയൽ നമ്പർ ഡി1/416/2025/പി.ഡബ്ല്യൂ.ഡി.) ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിലെ അമല നഗർ പാവറട്ടി റോഡിൽ ചെയിനേജ് 6/537-ലെ കടാംതോട് പാലത്തിന്റെ നിർമ്മാണത്തിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച 1000 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന വിഷയം ഡി1/416/2025/പി.ഡബ്ല്യൂ.ഡി. ഫയലിൽ പരിശോധിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയെത്രയെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ 10 കോടി രൂപയാണ്. |
| (സി) | കാലപ്പഴക്കം കാരണം കേടുപാടുകൾ സംഭവിച്ചതിനാൽ വാഹനഗതാഗതത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | പാലത്തിന്റെ നിർമ്മാണത്തിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച 1000 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. നിലവിൽ പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കായി GO(Rt)No.1673/2025/PWD തീയതി 04-11-2025 പ്രകാരം 5.5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ടു തവണ ടെണ്ടർ ചെയ്തതിൽ ആരും പങ്കെടുത്തില്ല. മൂന്നാം തവണത്തെ ടെണ്ടർ നടപടികൾ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ